ഉത്തരം

(എ,ബി) സംസ്ഥാനത്ത് പുതിയതായി തുറക്കുന്നതിനായി തയ്യാറാക്കിയ ഫയർസ്റ്റേഷനുകളുടെ മുൻഗണനാപ്പട്ടികയിൽ 5-ാമതായി പരവൂർ ഉൾപ്പെടുത്തിയിട്ടുണ്ട്. പരവൂർ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം പരവൂർ നഗരസഭ തരാമെന്നേറ്റിട്ടുണ്ട് എന്നാൽ സ്ഥലം ഇതുവരേയും വകുപ്പിന് കൈമാറിയിട്ടില്ല. കൂടാതെ താൽക്കാലികമായി ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള കെട്ടിടവും മറ്റ് സൗകര്യങ്ങളും അന്വേഷിച്ചു വരുന്നു. മേൽ സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക്, ആവശ്യമായ ഭരണാനുമതിയും ഫണ്ടും ലഭ്യമായാൽ പരവൂർ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ജയിലുകളിലെ ലഹരിമരുന്നുകൾ

98. [98] ശ്രീ. പി. ടി. തോമസ്:
,, ടി. എൻ. പ്രതാപൻ:
,, പി. ജെ. ജോയി:

പ്രൊഫ: കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ലഹരി മരുന്നുകൾ, മദ്യം, ബീഡി, സിഗരറ്റ് തുടങ്ങി ജയിലുകളിൽ നിരോധിച്ചിട്ടുള്ള വസ്തുക്കൾ സുലഭമായി കിട്ടുന്നതായി വന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ജയിലുകളിൽ എത്തുന്നതെപ്രകാരമെന്ന് അന്വേഷിക്കുമോ;

(സി) ഇവ ജയിലുകളിൽ എത്തുന്നതിൽ ജയിൽ ഉദ്യോഗസ്ഥർക്കുള്ള പങ്ക് വ്യക്തമാക്കുമോ; ജയിലുകളിൽ എത്തിക്കുന്നവരുടെ മേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഹരി മരുന്നുകൾ, ബീഡി മുതലായ നിരോധിത വസ്തുക്കൾ തടവുകാർക്ക് ലഭിക്കുന്നത് അവരെ കോടതികളിലും ആശുപത്രികളിലും മറ്റും കൊണ്ടു പോകുമ്പോൾ അവരുടെ ബന്ധുക്കൾ സുഹൃത്തുക്കൾ എന്നിവർ മുഖേനയാണ്. ജയിലിൽ തടവുകാരെ തിരികെ പ്രവേശിപ്പിക്കുമ്പോൾ അവർ കൊണ്ടുവരുന്ന നിരോധിത വസ്തുക്കൾ അവരെ ദേഹപരിശോധന നടത്തി കണ്ടെടുക്കാറുണ്ടെങ്കിലും ശരീരത്തിന്റെ രഹസ്യ ഭാഗങ്ങളിൽ തിരുകി കയറ്റി ജയിലിനുള്ളിൽ എത്തിക്കാറുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഇതിനു പുറമെ ഇപ്പോൾ സമയത്ത് ഉദ്യോഗസ്ഥരുടെ കണ്ണുവെട്ടിച്ചും ജയിൽ മതിലിനു മുകളിലൂടെ എറിഞ്ഞും തടവുകാർക്ക് ലഭിക്കാറുണ്ട്. ജയിൽ ജീവനക്കാർ ഇവ കണ്ടെടുത്ത് പോലീസിൽ കേസ് രജിസ്റ്റർചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഹരി മരുന്നുകൾ, ജയിലുകളിൽ എത്തുന്നതിൽ ജയിൽ ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും പങ്കുണ്ടോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാനായി ജയിൽ ഡി. ജി. പി. ഒരു പ്രത്യേക സ്ക്വാഡിനെ 2005 ഡിസംബർ മുതൽ നിയോഗിച്ച് മിന്നൽ പരിശോധന നടത്തിവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി മരിച്ച തടവുകാർ

99 [99] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2006 ജനുവരി 15 വരെ സംസ്ഥാനത്ത് ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി എത്ര തടവുകാർ മരിച്ചു;

(ബി) കസ്റ്റഡിയിൽമരിച്ചവർ, ജയിലിൽ റിമാന്റ് മരിച്ചവർ, ആശുപത്രിയിൽ വച്ച് മരിച്ചവർ എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2006 ജനുവരി 15 വരെ ജയിലുകളിലും പോലീസ് കസ്റ്റഡിയിലുമായി 197 പേർ മരിച്ചിട്ടുണ്ട്.

(ബി) ജയിലിൽ സഹതടവുകാരുടെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടിട്ടുണ്ട്. ആകെ മരണമടഞ്ഞ 197 പേരിൽ 185 പേരും ആശുപത്രിയിൽ വച്ചാണ് മരണപ്പെട്ടിട്ടുള്ളത്.

ജയിലുകളിലെ പരാതിപ്പെട്ടികൾ

100. [100] ശ്രീ. എം. എം ഹസ്സൻ :
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. പി. ജെ. ജോയി:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ ഏതെല്ലാം അധികാരസ്ഥന്മാരുടെ കീഴിൽ പരാതിപ്പെട്ടികൾ വച്ചിട്ടുണ്ട്; ഇവരുടെ താഴെക്കാൽ ആരുടെ കൈവശമാണ്;

(ബി) ഈ പരാതിപ്പെട്ടികൾ എപ്പോഴെല്ലാമാണ് തുറക്കുന്നതെന്നും പെട്ടികളിൽ നിക്ഷേപിക്കുന്ന പരാതികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിനെ കാണിക്കാറുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പരാതിയിന്മേൽ എടുക്കുന്ന നടപടി പരാതിക്കാരെ അറിയിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly